ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in

നം. ആ.വ.ഡ/21058/2025-ഇ.എൽ1 തീയതി: **17-10-2026**

നോട്ടീസ്

വിഷയം:- ആവഡ-സൂപ്പർന്യൂമററി ആയി ജെ.പി.എച്ച്.എൻഗ്രേഡ് II തസ്തികയിൽ നിയമിതരായ ശ്രീമതി. കൃഷ്ണപ്രഭയും മറ്റുള്ളവരും തങ്ങളെ റഗുലർ തസ്തികയിലേയ്ക്ക് ആഗിരണം ചെയ്തതിലെ അപാകത പരിഹരിക്കുന്നതിന് ഫയൽ ചെയ്ത **OA1231/2025** നമ്പർ കേസ് - സീനിയോരിറ്റി പുനക്രമീകരിക്കുന്നത് സംബന്ധിച്ച്:-

സൂചന:- **1.** ശ്രീമതി. കൃഷ്ണപ്രഭയും മറ്റുള്ളവരും ഫയൽ ചെയ്ത **OA 1231/2025** നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച **15.07.2025** തിയതിയിലെ അന്തിമ വിധി

2. സ.ഉ(സാധാ) നം.**3833/2025**/ആ.കു.വ തിരുവനന്തപുരം തിയതി **08.12.2025**

3.ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ **2606/2025/** എ4 തിയതി **07.02.2026** പ്രകാരമുള്ള ഉത്തരവ്

4. ഉത്തരവ് നമ്പർ ഇ.എസ്5 **6150/2019/** ആ.വ.ഡ തിയതി **05.11.2020** പ്രകാരമുള്ള സീനിയോരിറ്റി പട്ടിക

5.ഉത്തരവ് നമ്പർ **4291/2023/** ഇ.എസ്5 തിയതി **11.12.2023** പ്രകാരമുള്ള സീനിയോരിറ്റി പട്ടിക

6.അഡ്വൈസ് നമ്പർ എ.ആർ**II(3) 4452/07** കെ.പി.എസ്.സിആലപ്പുഴ തിയതി **04.12.2009**

7.എ4**-20585/2009/**ജി.മെ.ഓ ആലപ്പുഴ തിയതി **19.12.2009** പ്രകാരമുള്ള നിയമന ഉത്തരവ്

8.ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസറുടെ **2606/2025/**എ4 തിയതി**30.09.2026** കത്ത്

ആലപ്പുഴ ജില്ലയിൽ സൂപ്പർ ന്യൂമററി ആയി ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് II തസ്തികയിൽ നിയമിതരായ ശ്രീമതി.കൃഷ്ണപ്രഭ.പി.എസ്, ശ്രീമതി. ഷൈനി.എ, ശ്രീമതി. പ്രീതി.വി.വി എന്നീ ജീവനക്കാരെ റഗുലർ തസ്തികയിലേയ്ക്ക് ആഗിരണം ചെയ്തതിലെ അപാകത പരിഹരിച്ച് സീനിയോരിറ്റി പട്ടികയിലെ സ്ഥാനം പുനക്രമീകരിച്ച് കിട്ടുന്നതിനായി ഈ ജീവനക്കാർ **OA 1231/2025** പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. ഈ കേസിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെഅന്തിമ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സൂചന **(2)**

പ്രകാരം അനുപാലന ഉത്തരവ് പുറപ്പെടുവിയ്ക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (3) ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ ഈ ജീവനക്കാരെ സ്ഥിരം തസ്തികയിലേയക്ക് ആഗിരണം ചെയ്തു നൽകിയതിലെ അപാകത പരിഹരിച്ചു നൽകിയിട്ടുണ്ട്.

സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിലവിലുള്ള നിയമപ്രകാരം റഗുലർ സർവ്വീസിൽ ആഗിരണം ചെയ്യപ്പെടുന്ന തിയതി മുതൽ മാത്രമേ സീനിയോരിറ്റിയ്ക്ക് അർഹതയുള്ളൂ.

ഈ ജീവനക്കാരെ സ്ഥിരം തസ്തികയിലേയക്ക് ആഗിരണം ചെയ്ത തിയതി അടിസ്ഥാനമാക്കി **01.01.2007** മുതൽ **31.12.2009** വരെയുള്ള സൂചന **(4)** പ്രകാരമുള്ള ജൂനിയർപബ്ലിക് ഹെൽത്ത് നേഴ്സ്ഗ്രേഡ് **II** സീനിയോരിറ്റി പട്ടികയിൽ താൽക്കാലികമായി ഉൾപ്പെടുത്തി നൽകാനും, **01.01.2010** മുതൽ **31.12.2013** വരെയുള്ള സൂചന **(5)** പ്രകാരമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് **II** സീനിയോരിറ്റി പട്ടികയിൽ ശ്രീമതി.കൃഷ്ണപ്രഭ.പി.എസ് ന് നൽകിയ **37** എന്ന റാങ്കും, ശ്രീമതി.ഷൈനി.എ യ്ക്ക് നൽകിയ **38** എന്ന റാങ്കും, ശ്രീമതി.പ്രീതി.വി.വിയ്ക്ക് നൽകിയ **39** എന്ന റാങ്കും റദ്ദ് ചെയ്തു നൽകാനും തീരുമാനിച്ചിരിക്കുന്നു.

സൂപ്പർ ന്യൂമററി തസ്തികയിൽ നിന്ന് സ്ഥിരം തസ്തികയിലേക്ക് ആഗിരണം ചെയ്ത തിയതി അടിസ്ഥാനമാക്കി **01.01.2007** മുതൽ **31.12.2009** വരെയുള്ള സൂചന **(4)** പ്രകാരമുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്ഗ്രേഡ് **II** സീനിയോരിറ്റി പട്ടികയിൽ ശ്രീമതി. പ്രീതി .വി.വി യ്ക്ക് **317 A** എന്ന റാങ്കും, ശ്രീമതി. കൃഷ്ണപ്രഭ.പി.എസ് ന് **317 B** എന്ന റാങ്കും, ശ്രീമതി. ഷൈനി.എ യ്ക്ക് **317 C** എന്ന റാങ്കും താൽക്കാലികമായി അനുവദിച്ചു നൽകി നോട്ടീസ് പുറപ്പെടുവിയ്ക്കുന്നു. വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

അനുബന്ധപട്ടികയിൽ സൂചിപ്പിയ്ക്കും വിധം ഈ ജീവനക്കാർക്ക് സീനിയോരിറ്റി അനുവദിച്ചു നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് **10** ദിവസത്തിനുള്ളിൽ ഉചിതമാർഗ്ഗേണ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആർക്കും ആക്ഷേപമില്ലായെന്ന നിഗമനത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണ്.
ഇമെയിൽ വിലാസം **elsectiondhs@gmail.com**

Digitally signed by
Sandeep K
Date: 18-10-2026
18:30:09

ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. എല്ലാ കീഴ് സ്ഥാപന മേധാവികൾക്കും
(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
3. സൂപ്രണ്ട് എഫ്ഡബ്ല്യൂ എ സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ

അനുബന്ധം

01.01.2007 മുതൽ 31.12.2009 വരെയുള്ള കാലയളവിലെ ജൂനിയർ പബ്ലിക്ഹെൽത്ത് നേഴ്സ് ഗ്രേഡ് II ജീവനക്കാരുടെ സീനിയോരിറ്റി പട്ടികയിൽ ജീവനക്കാരെ ഉൾപ്പെടുത്തി പ്രസിദ്ധീകരിയ്ക്കുന്ന പട്ടിക

SL NO	PEN	NAME	D.O.B	Qualification	P.S.C Advice No &Date	DMO Appointment OrderNo&Date	D.O.E	Existing RanK in JPHN GRII (Order No. DHS/ 4291/2023/ES5 DTD 11.12.2023)	Proposed Rank in JPHN GRII (ES5/6150/2019/ DHS Dtd 05.11.2020)	Date Assigned for seniority	Remarks
1	560450	PREETHI.V.V	19-03-1979	S.S.L.C/ANM	ARII(3)4452-07(06) KPSC ALPY DTD 04.12.2009	A4-20585/2009/ DMOH ALPY DTD 19.12.2009	26-12-2009	39	317 A	26.12.2009	Super Numerary post, absorbed to regular post on 26.12.2009 (included in the JPHN GRII list 2007-2009 as 317A. So, Rank 39 given in the 2010-2013 list is hereby cancelled)
2	486661	KRISHNAPRABHA.P.S	28-05-1977	S.S.L.C/PDC/ ANM	ARII(3)4452-07(4) KPSC ALPY DTD 04.12.2009	A4-20585/2009/ DMOH ALPY DTD 19.12.2009	28-12-2009	37	317 B	28.12.2009	Super Numerary Post to regular post on 28.12.2009 (included in the JPHN GRII list 2007-2009 as317 B So, Rank 37 given in the 2010-2013 list is hereby cancelled)
3	560461	SHYNI.A	30-09-1985	S.S.L.C /ANM	ARII(3)4452-07(5) KPSC ALPY DTD 04.12.2009	A4-20585/2009/ DMOH ALPY DTD 19.12.2009	28.12.2009	38	317 C	28.12.2009	Super Numerary post, absorbed to regular post on 28.12.2009 (included in the JPHN GRII list 2007-2009 as 317 C. So, Rank 38 given in the 2010-2013 list is hereby cancelled)

Digitally signed by
Sandeep K
Date: 18-10-2026
18:31:25

Additional Director of Health Services(A&T)